പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. [illegible] 10.07.2015 ൽ മറുപടിയ്ക്ക്

## കേരളാ ഹോർട്ടികൾച്ചറൽ മിഷൻ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി.ശശി** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ആറളം ഫാമിങ് കോർപ്പറേഷന്റെ ഭൂമിയിൽ കേരളാ ഹോർട്ടികൾച്ചറൽ മിഷൻ കൃഷി നടത്താൻ വേണ്ടി എത്ര രൂപ എന്തിനെല്ലാം വേണ്ടി ചെലവഴിച്ചുവെന്ന് വിശദമാക്കാമോ; | എ) ആറളം ഫാമിംഗ് കോർപ്പറേഷന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 24,89,908/- രൂപ ചെലവിൽ 4 ഹെക്ടർ വിസ്തൃതിയുള്ള ഒരു മാതൃകാ നഴ്സറി സ്ഥാപിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ അനുമതി നൽകിയിരുന്നു. എന്നാൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇതിനായി തുകയൊന്നും നാളിതുവരെ ചെലവഴിച്ചിട്ടില്ല.<br><br>കൂടാതെ, ദേശീയ ഔഷധസസ്യമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 250 ഏക്കറിൽ അശോകം, 150 ഏക്കറിൽ കൂവളം, 250 ഏക്കറിൽ കുമിഴ്, 125 ഏക്കറിൽ തിപ്പലി, 62.5 ഏക്കറിൽ ശതാവരി എന്നിവ കൃഷി ചെയ്യുവാൻ വേണ്ടി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 51,33,125/- രൂപ ചെലവഴിച്ചു. |
| ബി) പ്രസ്തുത മിഷന്റെ പ്രവർത്തനത്തിനായി നിയോഗിച്ച തൊഴിലാളികൾ എത്രയെന്നും ഇതിൽ ആദിവാസികൾ എത്രയെന്നും വിശദമാക്കാമോ; | ബി) ആറളം ഫാമിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് ഔഷധസസ്യ കൃഷിയ്ക്കായി 6845 തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ആദിവാസികൾക്ക് 3759 തൊഴിൽ ദിനങ്ങൾ ലഭിച്ചു. |
| സി) കൃഷി നടത്തിപ്പിലൂടെ പ്രതിവർഷം എത്ര രൂപയുടെ ലാഭമാണ് മിഷൻ ലക്ഷ്യമിട്ടിട്ടുള്ളതെന്നും ഏത് വർഷം മുതൽ | സി) മാതൃകാ നഴ്സറിയിൽ ഓരോ വർഷവും ഉത്പാദിപ്പിക്കുന്ന 4.12 ലക്ഷം നടീൽ വസ്തുക്കളുടെ വിൽപ്പന മൂലം ആദ്യ വർഷം 145.53 ലക്ഷം രൂപയും |

... വരുമാനമായി ... കാക്കുന്നത്.

... കൃഷിയിൽ നിന്ന് ... അനുസരിച്ച് നന്നായി ... ഹ്രസ്വകാല വിളയായ ... വിളവെടുക്കുമ്പോൾ 125 ഏക്കറിൽ നിന്നും ഉദ്ദേശം 78 ലക്ഷം രൂപയും രണ്ടാം വർഷ വിളയായ ശതാവരി 62.5 ഏക്കറിൽ വിളവെടുക്കുമ്പോൾ മൂന്നാം വർഷം ഉദ്ദേശം 84.24 ലക്ഷം രൂപയും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വൃക്ഷ വിളകളായ അശോകം, കുമിഴ്, കൂവളം എന്നിവ 7-8 വർഷം കഴിഞ്ഞേ വിളവെടുക്കുവാൻ സാധിക്കുകയുള്ളൂ. അതിനുശേഷം പ്രതിവർഷം 250 ഏക്കർ അശോകത്തിൽ നിന്നും ഉദ്ദേശം 6.5 കോടി രൂപയും 150 ഏക്കർ കൂവളത്തിൽ നിന്നും 38.06 കോടി രൂപയും 250 ഏക്കർ കുമിഴിൽ നിന്നും 1 കോടി രൂപയും ലഭിക്കും. ശാസ്ത്രീയമായ കണക്കുകൂട്ടലുകൾ പ്രകാരം ഇത്രയും ലഭിക്കുമെന്നാണ് പ്രതീക്ഷ. മേൽപറഞ്ഞ തുകയെല്ലാം കമ്പോള നിലവാരത്തിന് അധിഷ്ഠിതമാണ്.

ഡി) ഇവിടെ എത്ര ഏക്കറിൽ കരിങ്കൽ ക്വാറി പ്രവർത്തിക്കുന്നു

ഡി) വിവരം ശേഖരിച്ച് നല്കുന്നതാണ്

സെക്ഷൻ ഓഫീസർ